മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: സംഭവം ഉണ്ടായി എന്നു പറയുന്ന സ്ഥലത്തുള്ള താമസക്കാരോടു് അന്വേഷണം നടത്തിയതായി റിപ്പോർട്ടിലുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: ഒരു സംഗതി ഈ ഹൌസ്സിന്റെ മുമ്പാകെ പറയാനുണ്ടു്. ഈ സംഗതിയെക്കുറിച്ചുള്ള അന്വേഷണം ശരിയല്ലെന്നും അന്വേഷണ റിപ്പോർട്ടു കളാണെന്നുമുള്ള ഒരു വിശ്വാസം ഇതിനെ സംബന്ധിച്ചു് ഈ സഭയുടെ നാനാ ഭാഗങ്ങളിൽ നിന്നും വന്ന ചോദ്യങ്ങളിൽ നിന്നു, ആ മെമ്പർമാർക്കുണ്ടെന്നു കാണുന്നതുകൊണ്ടു് ഇതിനെ സംബന്ധിച്ചു് ഒരു Fresh ആയ അന്വേഷണം നടത്തിക്കാം എന്നു പറഞ്ഞുകൊള്ളുന്നു.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഈ അന്വേഷണം നടത്താൻ പോകുന്നതു് മുമ്പു് അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനെക്കൊണ്ടുതന്നെയാണോ?

റാവു ബഹദൂർ ടി. കെ. നായർ: അങ്ങിനെ ഈ കൌൺസിലിലെ ബഹുമാനപ്പെട്ട മെമ്പർമാർ ആരെങ്കിലും വിചാരിക്കുമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല.

മിസ്റ്റർ പി. കെ. ഡിവർ: അന്വേഷണം ശരിയായിരുന്നില്ലെന്നു് ഏതെങ്കിലും മെമ്പർക്കു് അപേക്ഷപത്രമുള്ളതായി ഗവൺമെണ്ടിനു ബോദ്ധ്യം വന്നിട്ടുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ. ചില മെമ്പർമാരുടെ ചോദ്യങ്ങളിൽനിന്നു് അങ്ങിനെ ബോദ്ധ്യം വന്നിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡിവർ: അതു് ആക്ഷേപം കേൾക്കുന്നതു ശരിയാണോ അടിസ്ഥാനരഹിതമാണോ എന്നറിയാൻവേണ്ടി മാത്രം ചോദിക്കുന്നതാണെന്നു് ഗവൺമെണ്ടിനു് വിചാരിക്കാമോ?

റാവു ബഹദൂർ ടി. കെ. നായർ: അടിസ്ഥാനരഹിതമായിട്ടാണു് അങ്ങിനെ ചോദിക്കുന്നതെങ്കിൽത്തന്നെയും അതിനെ സംബന്ധിച്ചു് പൊതുജനങ്ങളുടെ ഇടയിലുണ്ടാകുന്ന തെറ്റിദ്ധാരണ നീക്കുന്നായും ഗവൺമെൻറു് ഉദ്യോഗസ്ഥന്മാരുടെ സത്യസന്ധത തെളിയിക്കാനുമായി രണ്ടാമതു് അന്വേഷണം നടത്തിക്കാൻ ഗവൺമെണ്ടു് തയ്യാറാണു്.

SUPPLY OF OIL CAKE MANURE TO AGRICULTURISTS

333. **Mr. V. R. Krishnan Ezhuthassan** *(Oorakam):* Will Government be pleased to state.—

(*a*) how much oil cake manure has been supplied to agriculturists during the years 1121 and 1122 and at what rate;

(*b*) what was the subsidy allowed on the use of manure during these years?

Mr. C. R. Iyyunni *(Minister for Revenue):*

(*a*) Quantity of G. N. cake supplied — Rate

1121: 3,892½ tons.	..	Rs. 110 to
	..	155 per ton
1122: (till the end of Dhanu) 1,043 tons	..	162/8 to
	..	180 per ton

(*b*) The subsidy allowed was 25 per cent till 25th Kumbham 1121. From 25th Kumbham 1121 it was raised to 50 per cent and very soon to 75 per cent if the manure purchased was for application to food grains and vegetables. 75 per cent subsidy was given for manures used for kole crop for a period of three weeks in Kumbham 1121. This 75 per cent subsidy lasted till 23rd Chingam 1122. Thereafter only 25 per cent subsidy was allowed till 7th Vrischigam 1122 when it was raised to 50 per cent. This concession is now allowed on the sale of manures for paddy alone and not for other crops.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: A എന്ന മറുപടിയിൽ പറഞ്ഞിരിക്കുന്ന കണക്കനുസരിച്ചു് നോക്കുമ്പോൾ ൧൯൨൨—ൽ ൧൯൨൨ നെ അപേക്ഷിച്ചു് കുറച്ചു വളരെ ചിലവായിട്ടുള്ളു എന്നു് അനുമാനിക്കുന്നതിൽ തെറ്റുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതിനെക്കുറിച്ചു ശരിയായി പറയാൻ നിവൃത്തിയില്ല. ധാന്യത്തെ ൧, ൦ ൟ ടൺ ചിലവായിട്ടുണ്ടെന്നു് കണക്കുകൊണ്ടു് കാണാം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ശരിയായ കണക്കുവെച്ചു് നോക്കിയാൽ ൧, ൦൫ ൦ ടൺ ചിലവാകണം. അതു് ൧, ൦ ൟ ടൺ മാത്രമായി കുറഞ്ഞതു് ഈ സബ്സിഡി കുറച്ചതുകൊണ്ടല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി ആർ. ഇയ്യണ്ണി: സബ്സിഡി കുറച്ചുകൊണ്ടാണ് എന്നു പറയാൻ നിവൃത്തിയില്ല. ഫ ൫ ശതമാനമാണ് ആദ്യം സബ്സിഡി കൊടുത്തിരുന്നത്. അപ്പോൾ ആവശ്യക്കാർ കുറവാണെന്നു കണ്ടതിനാൽ അതു ൫ ൦ ശതമാനമാക്കി. ആവശ്യക്കാർ കുറച്ചു കൂടിയപ്പോൾ പിന്നീട് ൭ ൫ ശതമാനമാക്കി. ആവശ്യക്കാർ പിന്നേയും വളരെ അധികമായപ്പോൾ അതു ൫ ൦ ശതമാനമെന്നു ഇപ്പോൾ നിശ്ചയിച്ചിരിക്കുകയാണ്. ഇതുകൊണ്ടു വളം മേടിക്കാൻ ആവശ്യക്കാർ ഇല്ലെന്നുള്ള കഴപ്പം ഇതുവരെ ഉണ്ടായിട്ടില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഇപ്പോൾ വളം ആവശ്യമുള്ളിടത്തോളം കിട്ടുന്നുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: മുഴുവനും കിട്ടുന്നുണ്ടെന്നു പറവാൻ നിവൃത്തിയില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: കൂടുതൽ കിട്ടുവാൻ ശ്രമം ചെയ്യുന്നുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: ഹൈദരബാദിൽനിന്നും ടാറായിൽനിന്നുമാണ് ഇതു കിട്ടുന്നതു. ആ സ്ഥലങ്ങളിൽനിന്നും കിട്ടാവുന്നിടത്തോളം മേടിക്കുന്നുണ്ട്. കൂടുതൽ കിട്ടുന്നതിനുള്ള ശ്രമം ചെയ്യുന്നുമുണ്ട്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: കർഷകർ ആവശ്യപ്പെടുമ്പോൾ വളം കിട്ടുന്നില്ലെന്ന് ആക്ഷേപം കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: ആക്ഷേപം കിട്ടിയിട്ടുണ്ട്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: എന്തുകൊണ്ടാണ് അവർ ആവശ്യപ്പെടുമ്പോൾ കൊടുക്കാത്തതു?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: സാധനം ഇല്ലാത്തതുകൊണ്ട്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: സാധനം ഉണ്ടായിട്ട് കൊടുക്കാതെ ഇരുന്നിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: ഇല്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: വളം ആവശ്യപ്പെട്ടിട്ട് ആറുമാസം കഴിഞ്ഞിട്ടും ഒരു മറുപടിപോലും അയച്ചിട്ടില്ല എന്നു വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: അങ്ങിനെ ഉണ്ടാകാം. പക്ഷെ വളമുണ്ടായിട്ട് കൊടുക്കാതെ ഇരുന്നിട്ടുണ്ടാകയില്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri):* What is the particular reason Sir, for reducing the percentage of subsidy from 75 first to 25, then raising to 50 thereby showing a reduction of 25 from 75.

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: വളം സാധാരണ ഉപയോഗിച്ചു പരിചയമില്ലാത്ത ജനങ്ങളുണ്ട്. അങ്ങിനെയുള്ളവരുടെ ഇടയിൽ അതു ചിലവാക്കാനും വളം ഉപയോഗിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുവാനുമാണ് സബ്സിഡി കൂട്ടിയതു. അപ്പോൾ ആവശ്യക്കാർ വളരെ ആളുകൾ വന്നു. അപ്പോൾ സംഖ്യ കുറച്ചു. കുറച്ചിട്ടും മേടിക്കാൻ അധികം ആളുകളുണ്ടെന്നു കണ്ടപ്പോൾ പിന്നേയും കുറക്കുവാനാണ് തീരുമാനിച്ചതു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: അപ്പോൾ വളം ചിലവാകാൻ വേണ്ടിയാണോ ഈ സബ്സിഡി കൊടുത്തതു?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: അതെ.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: അല്ലാതെ കർഷകരെ സഹായിക്കാനല്ല?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: അങ്ങിനേയും ഉദ്ദേശമുണ്ട്.

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: ഈ കൊല്ലത്തിൽ വളം തെങ്ങുകൃഷിക്കു കൊടുക്കുന്നുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: ഇല്ല.

LIFT IRRIGATION—FITTING UP ENGINES IN VELLARAPPILLY

334. Mr. M. I. Paul *(Narakkal):* Will Government be pleased to state.—

(a) how many engines have been fitted up in Vellarappilli for lift irrigation purposes and whether adequate water can be supplied to the agriculturists through these engines; if not whether further steps will be taken to meet the difficulty;

LIBRARY ARCHIVES Kerala Legislative Assembly